## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1696** | **04.12.2018-ൽ മറുപടിയ്ക്ക്**

### ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി) | |
| എ | ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതി പ്രായോഗികമാക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട്. |
| ബി | ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | ബി | സ്വീകരിച്ചുവരുന്നു. |
| സി | സ്വന്തം പേരിൽ റേഷൻ കാർഡില്ലാത്തതിനാൽ അർഹരായ പല ഗുണഭോക്താക്കളും പദ്ധതിയിൽ ഉൾപ്പെടാത്ത സാഹചര്യം കണക്കിലെടുത്ത് പ്രശ്നപരിഹാരത്തിനായി ബന്ധപ്പെട്ട വകുപ്പുമായി സഹകരിച്ച് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | സി | റേഷൻ കാർഡ് ഇല്ലാത്തതിന്റെ പേരിൽ അർഹരായ ആരെങ്കിലും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഉൾക്കൊള്ളിക്കുന്നതിനും റേഷൻ കാർഡ് നൽകുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചന നടത്തുന്നതാണ്. കൂടാതെ ഭൂമിയുള്ള ഭവനരഹിതരുടെ ലൈഫ് ഗുണഭോക്തൃപട്ടികയിൽ റേഷൻകാർഡ് ഇല്ല എന്ന കാരണത്താൽ ഒഴിവാകുന്നു എന്ന് റിപ്പോർട്ട് ചെയ്യുന്നവരുടെ പട്ടിക സിവിൽ സപ്ലൈസ് വകുപ്പ് ശേഖരിച്ചിട്ടുള്ള ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ പട്ടികയുമായി താരതമ്യപ്പെടുത്തി അവരുടെ അർഹത ഉറപ്പാക്കി ധനസഹായം നൽകാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ